# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5489 6.7.2012-ൽ മറുപടിയ്ക്ക്

### ശുദ്ധജല സമൃദ്ധിക്കായി പ്രത്യേക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ശുദ്ധജല സമൃദ്ധിക്കായി എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) ശുദ്ധജല സമൃദ്ധിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ജനപ്രതിനിധികളുടേയും സഹായത്താലും കേരള വാട്ടർ അതോറിറ്റി നേരിട്ട് പദ്ധതികൾ ആസൂത്രണംചെയ്തു വരുന്നു. പൈപ്പ് ലൈൻ ദീർഘിപ്പിക്കുക, യഥാസമയം അറ്റകുറ്റ പണികൾ നടത്തുക, ഗുണനിലവാരം ഉറപ്പാക്കുക, ജലസ്രോതസ്സുകൾ സംരക്ഷിക്കുക, മഴവെള്ള സംഭരണികൾ നിർമ്മിക്കുക, പമ്പ് സെറ്റിന്റെ തകരാറുകൾ പരിഹരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.<br>ജലനിധി രണ്ടാം ഘട്ട പദ്ധതിയിലും ഭൂജല പരിപോഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |
| (ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ; | (ബി) ശുദ്ധജല സമൃദ്ധി എന്ന പേരിൽ പ്രത്യേക പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ പരമാവധി 200ഓളം പഞ്ചായത്തുകൾക്ക് ഭൂജല പരിപോഷണത്തിന് 60 കോടി രൂപയോളം നീക്കിവെച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിൽ ഊന്നൽ നൽകുമോ? | മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് കുട്ടനാട് താലൂക്കിലെ വിവിധ പഞ്ചായത്തുകൾ ജില്ലാ കളക്ടറുടെ ഫണ്ട് ഉപയോഗിച്ച് 124 മഴവെള്ള സംഭരണികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 500ഉം കോട്ടയം ജില്ലയിൽ 1000ഉം യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്.<br>ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേനയും മറ്റു രീതികളിൽ ജലലഭ്യത ഇല്ലെങ്കിൽ മഴവെള്ള സംഭരണി നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുവാനുള്ള പദ്ധതിയ്ക്കും രൂപം നല്കിയിട്ടുണ്ട്. കൂടാതെ ഗ്രാമീണ ശുദ്ധജല ശുചിത്വ ഏജൻസിയുടെ ഭാഗമായ മഴകേന്ദ്രം വഴിയുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ